ഭരണഭാഷ-മാതൃഭാഷ

നമ്പർ.401065/BRRL01/GPO/2024/1092/(3)

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് ആഫീസ്

എരഞ്ഞോളി
എരഞ്ഞോളി.പി.ഓ
കണ്ണൂർ
Phone No:04902352320

തീയതി : 31/08/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ സജീവന് വേങ്ങരോത്ത്
വടക്കയിൽ ഹൌസ്, വടക്കുമ്പാട് 670105

സർ,

വിഷയം:- എരഞ്ഞോളി ഗ്രാമപഞ്ചായത്ത് - തദ്ദേശ സ്വയംഭരണ വകുപ്പ് - ഉപജില്ല അദാലത്ത് സമിതി തീരുമാനം അറിയിക്കുന്നത് സംബന്ധിച്ച്

സൂചന : 1) ഉപജില്ല അദാലത്ത് സമിതി മുമ്പാകെ താങ്കൾ സമർപ്പിച്ച പരാതി

2) 15/08/2024 തിയ്യതിയിലെ No. IVO 4 അദാലത്ത് 8/2024 (എരഞ്ഞോളി) നമ്പർ തീരുമാനം

മേൽ സൂചന (1) പരാതിയിൽ ഉപജില്ല അദാലത്ത് സമിതി നേരിട്ട് സ്ഥല പരിശോധന നടത്തിയതിൽ നോട്ടീസ് മൂലം അറിയിച്ച അപാകതകളിൽ ഒന്നായ തൊട്ടടുത്ത പ്ലോട്ടിനോട് ചേർന്ന് 1.5 മീറ്റർ ആഴത്തിൽ മണ്ണെടുത്തതിനാൽ KPBR 2019 ചട്ടം 10 പ്രകാരം സംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന അപാകതയിൽ നിർമ്മാണം പൂർത്തീകരിച്ച വീടിൻറെ ഒരു വശം കെട്ടിടത്തിൽ നിന്നും ഒരു മീറ്റർ അകലത്തിൽ മേൽ കെട്ടിട നിർമ്മാണത്തിനായി രണ്ട് മീറ്റർ ഉയരത്തിൽ മണ്ണ് എടുത്ത് മാറ്റിയത് കാരണം നിലവിൽ മൺതിട്ട ഉള്ളതായും കെട്ടിട ഭാഗത്ത് ചെറിയ രീതിയിൽ ചെരിഞ്ഞാണ് മണ്ണ് എന്നും കൂടാതെ തറ നിരപ്പിൽ നിന്നും 80 സെൻറീമീറ്റർ ഉയരത്തിന് ശേഷം ദുർബലമായ മണ്ണാണെന്ന് അദാലത്ത് സമിതിക്ക് ബോധ്യപ്പെട്ടതിനാലും മേൽ ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടത് താമസക്കാരുടെ സുരക്ഷിതത്വത്തിന് അനിവാര്യമാണെന്ന് താങ്കളെ ബോധ്യപ്പെടുത്തിയതിനാലും ടി വശം വരുന്ന കെട്ടിടത്തിൻറെ ഭാഗത്ത് നിലവിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് ശേഷമുള്ള ഭാഗം താങ്കൾ സംരക്ഷണഭിത്തി നിർമ്മിക്കാം എന്ന് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഭാഗത്ത് സംരക്ഷണ ഭിത്തി

നിർമ്മിക്കേണ്ടതും മറ്റൊരു അപാകതയായ KPBR 2019 ചട്ടം 67 ലംഘിച്ച് ഷെഡ് നിർമ്മാണം നടത്തിയതിൽ തൊട്ടടുത്ത സ്ഥല ഉടമയുടെഅനുമതിപത്രവും കെട്ടിടത്തിൽ മേൽ ഭാഗം ഓപ്പണിംഗ് ഇല്ലാത്ത വിധം മാറ്റങ്ങൾ വരുത്തിയും മേൽ സംരക്ഷണ ഭിത്തി പൂർത്തീകരിച്ച് രേഖാമൂലം ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്ന മുറയ്ക്ക് മാത്രമേ താങ്കളുടെ അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയൂ എന്ന വിവരം അറിയിക്കുന്നു

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by SHEEJA V M
Date: 2024.08.31 17:05:39 IST
Reason: ILGMS Govt. of Kerala

ഷീജ വി എം

സെക്രട്ടറി